Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

14.07.2026

# പനി വ്യാപനത്തിന് ജൂബിലിയിൽ ചെക്ക്

പനി വ്യാപനം ഉയരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് ആശ്വാസമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വൈകുന്നേരങ്ങളിൽ പ്രത്യേക ഫീവർ ക്ലീനിക്ക് ആരംഭിച്ചു. ദിവസവും വൈകുന്നേരം 4.30 മുതൽ 7 വരെ ക്ലിനിക്ക് പ്രവർത്തിക്കും. സ്കൂൾ സമയം കഴിഞ്ഞ് വിദ്യാർത്ഥികൾക്കും ജോലി സമയം കഴിഞ്ഞ് ജോലികാർക്കും സൗകര്യപ്രദമായി ഡോക്ടറെ കാണുന്നതിനായാണ് ഈ സംവിധാനം ഒരുക്കിയിരിക്കുന്നത്. ഫാർമസി, ലാബ് പരിശോധനകൾ, എക്സ്-റേ, സ്കാനിംഗ് എന്നിവ ഉൾപ്പെടെയുള്ള എല്ലാ ക്ലിനിക്കൽ സൗകര്യങ്ങളും ഈ സമയത്ത് ലഭ്യമാണ്.

നിലവിലെ പനി വ്യാപന സാഹചര്യത്തിൽ പൊതുജനങ്ങൾ ഈ സേവനം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് അധികൃതർ അഭ്യർത്ഥിച്ചു. ഫീവർ ക്ലിനിക്കിനൊപ്പം ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, സർജറി, ഗൈനക്കോളജി തുടങ്ങിയ മറ്റ് വിഭാഗങ്ങളുടേയും ഒ.പി. സേവനം വൈകുന്നേരങ്ങളിൽ ലഭ്യമാണ്.

ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയനോടൊപ്പം സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ, പ്രിൻസിപ്പാൾ ഡോ. എം. എ. ആൻഡ്രൂസ് എന്നിവർ ക്ലിനിക്കിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

24 മണിക്കുറും പ്രവർത്തിക്കുന്ന ബുക്കിങ്ങ് നമ്പർ -0487-2461000, 0487-2462000, 0487-2432200